**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3651 20/06/2019-ൽ മറുപടിയ്ക്ക്

**ആലപ്പുഴ റ്റി.ഡി. മെഡിക്കൽ കോളേജിലെ സി.റ്റി. സിമുലേറ്റർ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.പി.സജീന്ദ്രൻ** | **കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ റ്റി.ഡി. മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി വിഭാഗത്തിന്റെ ആവശ്യങ്ങൾക്കായി 2017-ൽ സി.റ്റി. സിമുലേറ്റർ വാങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | വാങ്ങിയിട്ടുണ്ട്. |
| (ബി) | ഏത് കമ്പനിയിൽ നിന്നാണ് സി.റ്റി.സിമുലേറ്റർ വാങ്ങിയത്; ഇതിനായി എത്ര തുക ഇതിനകം പ്രസ്തുത കമ്പനിക്ക് നൽകിയെന്ന് വെളിപ്പെടുത്തുമോ; | (ബി) | M/s. ഫിലിപ്സ് ഇലക്ട്രോണിക്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് ചെന്നൈ എന്ന സ്ഥാപനത്തിൽ നിന്നും 3,40,69,275/- (മൂന്ന് കോടി നാൽപ്പത് ലക്ഷത്തി അറുപത്തി ഒമ്പതിനായിരത്തി ഇരുന്നൂറ്റി എഴുപത്തി അഞ്ച് രൂപ മാത്രം) രൂപയ്ക്കാണ് സി.റ്റി. സിമുലേറ്റർ വാങ്ങിയത്. |
| (സി) | രണ്ട് വർഷം കഴിഞ്ഞിട്ടും പ്രസ്തുത സി.റ്റി.സിമുലേറ്റർ പ്രവർത്തനക്ഷമമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | ചില സാങ്കേതിക പ്രശ്നങ്ങളാൽ സി.റ്റി. സിമുലേറ്റർ പ്രവർത്തിക്കാതിരുന്നു. നിലവിൽ ഈ ഉപകരണം കാര്യക്ഷമമായി ചികിത്സയ്ക്ക് ഉപയോഗിക്കുന്നു. |
| (ഡി) | പ്രസ്തുത മെഷീന്റെ വാറണ്ടി എന്നാണ് അവസാനിക്കുന്നതെന്ന് അറിയിക്കുമോ? | (ഡി) | സി.റ്റി. സിമുലേറ്റർ നിലവിൽ വാറണ്ടി കാലയളവിലാണ്. ഇടയ്ക്ക് പ്രവർത്തനരഹിതമായ കാലയളവ് കൂടി കണക്കിലെടുത്ത് വാറണ്ടി അതിനനുസൃതമായി നീട്ടിവാങ്ങാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ